**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3451 12/12/2014-ൽ മറുപടിയ്ക്ക്

# സമഗ്ര നാളികേര വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റ്റി.എൻ. പ്രതാപൻ**<br>**,, കെ.ശിവദാസൻ നായർ**<br>**,, ജോസഫ് വാഴയ്ക്കൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ** | | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി 2014-15 വർഷം "കേരഗ്രാമം" പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജൈവ കാർഷിക ജില്ലയായ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. ഓരോ ജില്ലയിലേയും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന 2 പഞ്ചായത്തുകളിൽ വീതമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളം, രാസവളം, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ നടുന്നതിനുമായി ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ സഹായം നൽകുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു പഞ്ചായത്തിൽ 20 എണ്ണം എന്ന ക്രമത്തിൽ 40,000/-രൂപ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 25000/- രൂപ നിരക്കിൽ ഒരു പഞ്ചായത്തിൽ 100 ഹെക്ടറിലേയ്ക്കായി 25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു പഞ്ചായത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ വീതം ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനായി യൂണിറ്റ് ഒന്നിന് 10,000/- രൂപ നിരക്കിൽ 50,000/- രൂപ ധനസഹായം നൽകുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി കൃഷി ഭവനുകൾക്ക് 10 ലക്ഷം രൂപയും, കേര സൊസൈറ്റികൾക്ക് 10,000/- രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ കാർഷിക കർമ്മസേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവർ സഹകരിക്കുന്നതാണ്. |
| ഡി) | എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | ഡി) | പദ്ധതി നിർവ്വഹണത്തിനായുള്ള പഞ്ചായത്തുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ